(ബി) 2003-04-ൽ എന്തു വിലക്കുള്ള കള്ളും ബിയറും സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ടു;

(സി) ഈ കാലയളവിൽ സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട ബിയറിന്റെയും കള്ളിന്റെയും വില ഒന്നിച്ചെടുക്കുമ്പോൾ സംസ്ഥാനത്ത് മദ്യത്തിനുവേണ്ടിയുള്ള പ്രതിശീർഷ ചെലവ് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 90.50 രൂപ.

(ബി) 2003-04-ൽ സംസ്ഥാനത്ത് വിറ്റഴിക്കപ്പെട്ട കള്ളിന്റെയും ബിയറിന്റെയും വില ചുവടെ ചേർക്കുന്നു:

ബിയർ—160,30,00,000 രൂപ.

കള്ള്—828,69,86,015 രൂപ.

(സി) 310.63 രൂപ.

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് പരിപാടികൾ

187 [1945] ശ്രീ. ഷിബു ബേബി ജോൺ:

„ കെ. കെ. ഷാജു:

„ ഉമേഷ് ചള്ളിയിൽ:

„ ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയെന്ന് വിശദമാക്കുമോ;

(ബി) ഈ ഗവൺമെന്റ് പ്രസ്തുത വിഭാഗത്തിനായി വിദ്യാഭ്യാസം, തൊഴിൽ എന്നീ മേഖലകളിൽ എന്തെല്ലാം പുതിയ പരിപാടികൾ ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരുടെ ജീവിതനിലവാരം അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുവാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വകുപ്പു മുഖേന നടപ്പാക്കിയ പദ്ധതികളുടെ വിവരം അനുബന്ധം†-ൽ ചേർത്തിട്ടുണ്ട്.

(ബി) ആഗോളവൽക്കരണ-ഉദാരവൽക്കരണ പ്രക്രിയയുടെ ആക്കം കൂടുമ്പോൾ സമൂഹത്തിൽ പിന്നോക്കം നില്ക്കുന്ന പട്ടികവിഭാഗത്തിൽപ്പെട്ടവരുടെ കർമ്മശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വിദേശത്ത് ലഭ്യമായ വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുതകുന്ന ഒരു പാക്കേജ് ബഡ്ജറ്റ് സ്പീച്ചിലൂടെ വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ ആദ്യ നടപടിയായി സീ-ഡിറ്റി-ന്റെയും, ഐ.ഐ.എമ്മിന്റെയും സഹായത്തോടുകൂടി സ്ഥാപനങ്ങളേയും കോഴ്സുകളേയും തെരഞ്ഞെടുക്കുവാനും വിദേശ രാജ്യങ്ങളിൽ ഉപരിപഠനത്തിനായുള്ള സാധ്യതകൾ ആരായുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിനും അതുവഴി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും പട്ടികവിഭാഗങ്ങളെ പല മേഖലകളിലും പ്രാപ്തരാക്കുന്നതിനുവേണ്ടി സിവിൽ സർവീസ് എക്സാമിനേഷൻ സെന്ററിന്റെ ആഭിമുഖ്യത്തിൽ അപ്ലൈഡ് ടെക്നോളജി ആന്റ് ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ ഐ.റ്റി. രംഗത്ത് ഉയർത്തിക്കൊണ്ടുവരാൻ സീ-ഡിറ്റുമായി സഹകരിച്ചുകൊണ്ട് 'സൈബർശ്രീ' എന്ന പേരിൽ ഒരു കേന്ദ്രം തിരുവനന്തപുരത്ത് ഉടൻ പ്രവർത്തനം തുടങ്ങുന്നതാണ്. കമ്പ്യൂട്ടർ മേഖലയിൽ ബിരുദ നിലവാരത്തിൽ വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തന പരിചയവുമുള്ള 12 പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് ആദ്യഘട്ടത്തിൽ പരിശീലനം നൽകുന്നത്. വിദ്യാഭ്യാസമേഖലയിൽ ഉപയോഗിക്കാനുള്ള എഡ്യൂക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിച്ച് നൽകുന്നതിനാണ് ആദ്യ ഘട്ടത്തിൽ പ്രോജക്ട് ലക്ഷ്യമിടുന്നത്.

'അക്ഷയ' പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിനും ഈ പദ്ധതിയിൽ പട്ടികജാതിക്കാരുടെ ഉടമസ്ഥതയിൽ അക്ഷയ സെന്ററുകൾ തുടങ്ങുവാനും ഉദ്ദേശിക്കുന്നുണ്ട്. അതാതു പ്രദേശത്തുള്ള പട്ടികവിഭാഗക്കാർക്ക് ഇലക്ട്രോണിക് സാക്ഷരതയും ഇ-സർവീസും ലഭ്യമാക്കുക എന്നതാണ് അക്ഷയ സെന്ററുകളുടെ ഉദ്ദേശ്യം.

പട്ടികവർഗ്ഗ വിഭാഗത്തിനായി വിദ്യാഭ്യാസം തൊഴിൽ എന്നീ മേഖലകളിൽ പുതുതായി ആവിഷ്ക്കരിച്ചു നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയാണ്.

---

† അനുബന്ധം XIII

LIBRARY ARCHIVES Kerala Legislative Assembly

1. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള അഞ്ചു കോടി രൂപയുടെ അധിക കേന്ദ്ര സഹായ പദ്ധതി.

2. പട്ടികവർഗ്ഗ ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള വിവിധ പരിശീലന പരിപാടികൾ.

3. പ്രാക്തന ഗോത്ര വർഗ്ഗ കുട്ടികൾക്കുള്ള പഠനാ വിദ്യാഭ്യാസ പരിപാടി.

(സി) പട്ടികജാതിക്കാരുടെ ജീവിതനിലവാരം, അടിസ്ഥാനസൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ നിലവിലുള്ള പദ്ധതികൾ ഏറെക്കുറെ പര്യാപ്തമാണ്. ഇവ വേണ്ടത്ര ഫലപ്രദമല്ല എന്നു കണ്ടാൽ നിലവിലുള്ള പദ്ധതികളിൽ ഭേദഗതി വരുത്തുകയോ പുതിയ പദ്ധതി ആവിഷ്കരിക്കുകയോ ചെയ്യുന്നതാണ്.

പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം, അടിസ്ഥാന സൗകര്യം എന്നിവ മെച്ചപ്പെടുത്തുന്നതിന് ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതാണ്.

1. പ്രാക്തന ഗോത്ര കുടുംബങ്ങൾക്ക് താമസസൗകര്യം കുടിവെള്ളം, ശുചിത്വം, വെളിച്ചം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള 10 കോടി രൂപയുടെ അധിക കേന്ദ്ര സഹായ പദ്ധതി.

2. പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള 10 കോടി രൂപയുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി (അധിക കേന്ദ്ര സഹായ പദ്ധതി).

3. പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സ്കൂളുകളുടെയും ആശുപത്രികളുടെയും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള 9 കോടി രൂപയുടെ പദ്ധതി (രണ്ടാം ഘട്ടം) (അധിക കേന്ദ്ര സഹായം).

4. പട്ടികവർഗ്ഗ ഉപപദ്ധതി കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള അടിസ്ഥാന സൗകര്യ വികസന പരിപാടികൾ.

ആദിവാസികൾക്കുള്ള ഭൂമി വിതരണം

188 [1955] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങളുടെ അനുഭവത്തിലുള്ള ഭൂമി ലഭിക്കുന്നതിന് വേണ്ടി ഓരോ ജില്ലയിലും നാളിതുവരെ എത്ര അപേക്ഷകളാണ് ഗവൺമെന്റിന് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly